F.Y.
March 2018

Reg. No. ......................................

Name ..........................................

**102**

**Part - II**

**മലയാളം (Malayalam)**

Maximum : 80 Scores

Time : **2½** Hours
Cool off time : **15** Minutes

**പൊതു നിർദ്ദേശങ്ങൾ:**

- ഉത്തരം എഴുതുന്നതിനു മുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- അതിനായി നിർദ്ദിഷ്ഠ സമയത്തിനു പുറമെ **15** മിനിട്ട് അധികസമയം അനുവദിച്ചിട്ടുണ്ട്.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിക്കപ്പെട്ട എണ്ണം ചോദ്യങ്ങൾക്ക് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളു.
- നിർദ്ദേശിക്കപ്പെട്ടതിൽ കൂടുതൽ എണ്ണം ചോദ്യങ്ങൾക്ക് ഉത്തരം എഴുതിയാൽ ആദ്യത്തെ ഉത്തരങ്ങൾ മാത്രമേ സ്കോർ നൽകുന്നതിന് പരിഗണിക്കൂ.

**1** മുതൽ **7** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **6** എണ്ണത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യം **2** മാർക്ക് വീതം. **(6 × 2 = 12)**

**1.** പിള്ളേരെ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു
പീലി കൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴക്കയിപ്പോയിഞാ–
നൂണിന്നു വാരാതെ നിന്ന നേരം
തെണ്ടമായെന്നതിന്നന്നു നീ നൽകിന
കണ്ടിക്കഞ്ചേല മറക്കൊല്ലാതെ. – ഈ വരികളിൽ കാണാവുന്ന, കൃഷ്ണഗാഥയുടെ രണ്ട് സവിശേഷതകൾ തെരഞ്ഞെടുത്തെഴുതുക.

* മയവും ലയവുമുള്ള കാവ്യഭാഷ
* അലങ്കാരഭംഗി
* ഇന്നു പ്രചാരത്തിലില്ലാത്ത പദങ്ങളുടെ സാന്നിദ്ധ്യം
* ഈശ്വര ഭക്തി

2. 'അർഹിക്കുന്ന ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു' –ഓർമയുടെ ഞരമ്പിലെ ഈ വാക്യത്തിൽ നിന്ന് പെൺകുട്ടിയുടെ ദാമ്പത്യത്തെ കുറിച്ച് ലഭിക്കുന്ന സൂചനയെന്ത്? ഒറ്റവാക്യത്തിൽ പ്രസ്താവിക്കുക.

3. 'ആൾക്കൂട്ടം സൈക്കിൾ മോഷ്ടാക്കളിലെ ഒരു പ്രധാന കഥാപാത്രമാണ്' – ഈ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ട് ദൃശ്യങ്ങൾ കണ്ടെത്തിയെഴുതുക.

4. സന്ദർശനം –എന്ന കവിതയിൽ പ്രണയത്തിന്റെ മനോഹാരിത ആവിഷ്കരിക്കുന്ന രണ്ട് പ്രയോഗങ്ങൾ കണ്ടെത്തുക.

- പൊൻ ചെമ്പകം പൂത്തകരൾ
- കറപിടിച്ച ചുണ്ടിൽ തുളുമ്പാത്ത കവിത
- കൃഷ്ണ കാന്തങ്ങൾ തൻ കിരണമേറ്റ് ചില്ലകൾ പൂത്തു
- രാത്രിതൻ നിഴലുകൾ നമ്മൾ

5. 'കൈപ്പാട്' എന്ന ചലചിത്രത്തെ പരിചയപ്പെടുത്തുന്ന പോസ്റ്ററിൽ ചേർക്കാവുന്ന രണ്ട് പ്രസ്താവനകൾ എഴുതുക.

- ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ വസുധ പുരസ്കാരം നേടി.
- ..........................................
- .........................................

6. മുഹ്യിദ്ദീൻ മാല എന്ന കൃതിക്ക് യോജിക്കുന്ന രണ്ട് വിശേഷണങ്ങൾ എഴുതുക.

- അറബി മലയാള സാഹിത്യത്തിലെ പ്രഥമ കൃതി എന്നറിയപ്പെടുന്നു.
- പ്രാദേശികമായ പ്രമേയത്തെ അവതരിപ്പിക്കുന്നു.
- ദുർഗ്രഹമായ ഭാഷാ ശൈലിയാണ്.
- ഒരു സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്നു.

7. ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ–

യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം. –ഈ വരികളിലെ കാഴ്ചപ്പാട് എന്ത്?

- ജീവിത ദുഃഖത്തെ മറികടക്കാമെന്ന വിശ്വാസം
- ജീവിതത്തോടുള്ള മടുപ്പ്
- ജീവിതത്തിന് മൂല്യമില്ലെന്ന വിശ്വാസം
- ജീവിതത്തോടുള്ള നിസ്സംഗത

**8** മുതൽ **15** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **7** എണ്ണത്തിന് മാത്രം, നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക ഓരോ ചോദ്യം **4** മാർക്ക് വീതം. **(7 × 4 = 28)**

8. 'റോഡിനു മധ്യേ പിടിപ്പിച്ചിരിക്കുന്ന വർണച്ചെടികൾക്കു പകരം നാട്ടു വൃക്ഷങ്ങളായിരുന്നു വേണ്ടിയിരുന്നത്". – എൻ.എ. നസീറിന്റെ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

9. 'അപ്പുവും മധുവും ഇവരോട് ചേരാതിരിക്കുവാൻ വേണ്ടി എത്ര ശ്രമപ്പെട്ടാണ് നാട്ടിലേക്ക് അയച്ചതെന്ന് അവരോർത്തു'. – ഈ വാക്യത്തിലൂടെ തങ്കം നായർ എന്ന കഥാപാത്രത്തിന്റെ മനോഭാവം എഴുത്തുകാരി ആവിഷ്കരിക്കുന്നത് എങ്ങനെ? വ്യക്തമാക്കുക.

10. ‘കായലരികത്ത്’ എന്ന ചലച്ചിത്രഗാനം പുതിയ കാലത്തെ ചലച്ചിത്രഗാനങ്ങളിൽ നിന്ന് എങ്ങനെയൊക്കെ വ്യത്യസ്തമായിരിക്കുന്നു? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

11. ‘ശസ്ത്രക്രിയയിലെ അമ്മ പൊയ്പ്പോയ കാലത്തെ വീണ്ടും സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്’. – ഈ അഭിപ്രായത്തെ ശരിവെക്കുന്ന രണ്ട് സന്ദർഭങ്ങൾ കഥയിൽ നിന്ന് കണ്ടെത്തിയെഴുതുക.

12. ‘ഇല്ല. ഒന്നും ശരിക്കറിഞ്ഞുകൂടായിരുന്നു. അജ്ഞത. കാര്യമായി ഒന്നും അറിഞ്ഞില്ല.’ – അനർഘ നിമിഷത്തിലെ ഈ വാക്യത്തിലൂടെ ബഷീർ അവതരിപ്പിക്കുന്ന ആശയമെന്ത്? നിഗമനങ്ങൾ അവതരിപ്പിക്കുക.

13. ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം –

സന്ദർശനത്തിലെ ഈ വരികൾ കാമുകന്റെ മാനസിക ഭാവത്തെ വ്യക്തമാക്കാൻ എത്രമാത്രം സമർത്ഥമാണ്? വ്യക്തമാക്കുക.

14. ‘ജോനാഥൻ ലിവിങ്സ്റ്റൺ’ എന്ന കടൽക്കാക്ക നിങ്ങളെ എങ്ങനെയൊക്കെ പ്രചോദിപ്പിക്കുന്നു? അഭിപ്രായങ്ങൾ എഴുതുക.

15. തിരുവാതിരയുടെ പശ്ചാത്തലം ‘ഊഞ്ഞാലിൽ’ എന്ന കവിതയ്ക്ക് നൽകുന്ന ഭാവഭംഗി വിശകലനം ചെയ്യുക.

**16** മുതൽ **20** വരെയുള്ള ചോദ്യങ്ങളിൽ **4** എണ്ണത്തിന് മാത്രം ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോ ചോദ്യം **6** മാർക്ക് വീതം. **(4 × 6 = 24)**

**16.** പുലർച്ചയ്ക്കെണീറ്റിട്ടു ശ്വാസം വിടാനേ
കിടച്ചില്ല നേരം; അടിപ്പും തുടപ്പും
അലക്കും നനപ്പും വിരുന്നൂണുവെപ്പും
തൊഴുത്തും പറമ്പും കടയ്ക്കായ് നടപ്പും
കഴുത്തിന്നുള്ളുക്കും നടുക്കാകെ നോവും
പനിക്കോളുമുണ്ടെന്നു തോന്നുന്നിതാരേ
ചെവിക്കൊള്ളുവാൻ ..... ?

(താരാട്ട് – സച്ചിദാനന്ദൻ)

ഈ വരികളിലെ ആശയം 'സംക്രമണം' എന്ന കവിതയിൽ ആവിഷ്കരിക്കുന്നുണ്ടോ? താരതമ്യം ചെയ്യുക.

**17.** 'കേൾക്കുന്നുണ്ടോ' എന്ന ചലച്ചിത്രത്തിന്റെ പ്രദർശനത്തിനു മുന്നോടിയായി പ്രസ്തുത സിനിമയെ പരിചയപ്പെടുത്തുന്ന ആമുഖ ഭാഷണം തയ്യാറാക്കുക.

**18.** 'അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ് ബിന്ദുക്കളാണ് കവി തെരഞ്ഞെടുക്കുന്നത്' – എം.എൻ. വിജയന്റെ ഈ നിരീക്ഷണത്തെ മുൻനിർത്തി മത്സ്യം എന്ന കവിതയിലെ 'മത്സ്യം', 'കടൽ' എന്നീ പദങ്ങൾക്ക് ലഭിക്കാവുന്ന അർത്ഥസാധ്യതകളെ വിശകലനം ചെയ്യുക.

**19.** 'അമിത ലാളന കൊണ്ട് നാശമാകാനുള്ള സാധ്യത അവർക്ക് കൂടുതൽ ബോധ്യമുണ്ടായിരുന്നെന്ന് തോന്നുന്നു'.

'കണ്ണുകളിൽ വഴിയുന്ന വാത്സല്യത്തോടെ അമ്മ ഈ വയസ്സൻ മകനെ തൊട്ടും പിടിച്ചും കൊണ്ട് പിറകെ നടക്കുന്നു.

ശസ്ത്രക്രിയയിലെ ഈ വാക്യങ്ങൾ അമ്മയ്ക്ക് സംഭവിക്കുന്ന ഭാവമാറ്റത്തെ സൂചിപ്പിക്കുന്നുണ്ട്. കാരണമെന്ത്? വിശകലനം ചെയ്യുക.

20. തന്റെ ജീവിതത്തെ ഹാസ്യാത്മകമായാണ് ഇക്കണ്ടക്കുറുപ്പ് നോക്കിക്കാണുന്നതെന്ന് പറയാമോ? കഥാ സന്ദർഭങ്ങളെ മുൻനിൽത്തി വിശദീകരിക്കുക.

കവിത വായിച്ച് **21** മുതൽ **23** വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഉണ്ണിയായിരുന്നപ്പോൾ കണ്ടുഞാനെന്റെ മുറ്റത്തെ
മണ്ണിലൂടരിച്ചു പോമൊരു പാഴ്പുഴുവിനെ
കണ്ണിനുണ്ടിമ്പം കാണ്മാൻ കാവിയും കറുപ്പുമാം
കണ്ണികൾ തൊടുത്തപോൽ കമനീയമാണംഗം
'അപ്പൂ നീ ദ്രോഹിക്കരു'തമ്മ ചൊല്ലിനാൾ, ചിറ്റൂ
രപ്പനാടുവാനെണ്ണ കൊണ്ടുപോം പുഴുവല്ലോ
ശരിയാണിളവെയ്‌ലിൽ മിന്നുന്നൂ, മെഴുക്കാർന്ന
പരിചാത്തനുവാർദ്ര സ്നിഗ്ദ്ധമാണെങ്ങും തൊട്ടാൽ
വിശ്വസിച്ചു ഞാൻ വിസമയിക്കയും ചെയ്തേൻ, എത്ര
ദുസ്തര ദൂരം മാർഗ്ഗം, എന്തു പാവനയത്നം
അറിവൂ ഞാനിന്നേതോ നിസ്സാര ശലഭത്തിൻ
ചെറുകുഞ്ഞാണിപ്പുഴു മൂഢ ഭാവനാ പാത്രം
എങ്കിലും പുഴുവിലല്ലേതു ജീവിയിലുമി –
ന്നെൻ കരം പരുഷമായ് പതിയാൻ ഭാവിക്കുകിൽ
'അപ്പൂ നീ ദ്രോഹിക്കരു' തമ്മ ചൊല്ലുന്നു ''ചിറ്റൂ–
രപ്പനാടുവാനെണ്ണകൊണ്ടുപോം പുഴുവല്ലോ''

(പരിച് – വിധം, തനു – ശരീരം, സ്നിഗ്ദ്ധം – നനുത്തത്,
ദുസ്തരം – മറികടക്കാനാവാത്ത, പരുഷം – പരുക്കൻ)

21. പുഴുവിന്റെ സൗന്ദര്യത്തെ കവി ആവിഷ്കരിക്കുന്നതെങ്ങനെ? **(2)**

**22.** അമ്മയുടെ ഉപദേശം പിൽക്കാലത്ത് കവിയ്ക്കുണ്ടാക്കിയ നന്മ എന്ത്? **(2)**

**23.** ശ്രീ നാരായണഗുരുവിന്റെ അനുകമ്പാ ദർശനം ഈ കവിതയിൽ കാണാനാവുമോ? താരതമ്യം ചെയ്യുക. **(4)**

**24** ഉം **25** ഉം ചോദ്യങ്ങളിൽ **ഒന്നിനു** മാത്രം, ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോ ചോദ്യം **8** മാർക്ക് വീതം. **(1 × 8 = 8)**

**24.** 'സ്വാതന്ത്ര്യം എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വയ്പു പല്ല് സെറ്റ് ദയനീയതയോടെ പുറത്തേക്ക് വന്നു'. – ഈ വാക്യം ഓർമയുടെ ഞരമ്പ് എന്ന കഥയിൽ എത്രത്തോളം പ്രസക്തമാണ്? സ്വാതന്ത്ര്യത്തിന്റെ വിവിധ തലങ്ങൾ കഥ ആവിഷ്കരിക്കുന്നതെങ്ങനെ?

**25.** 'ജനപ്രിയ(കച്ചവട) സിനിമകൾ സ്വപ്ന ലോകത്തിന്റെ ഭ്രമാത്മകതയാണ് പൊതുവെ പ്രതിഫലിപ്പിക്കുന്നത്''. – ബൈസിക്കിൾ തീവ്സ് എന്ന സിനിമ ഈ സ്വഭാവത്തിൽ നിന്ന് എത്രമാത്രം മാറി നിൽക്കുന്നു? വിശകലനം ചെയ്ത ലഘുലേഖനം തയ്യാറാക്കുക.